**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2214 — 12. 2. 2013 - ൽ മറുപടിക്ക്

വിജിലൻസ് അന്വേഷണത്തിന് യോഗ്യമായ കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ :<br>ശ്രീ.പി.കെ.ബഷീർ :<br>ശ്രീ.പി.ഉബൈദുള്ള : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) വിജിലൻസ് അന്വേഷണത്തിന് യോഗ്യമായ കുറ്റകൃത്യങ്ങളേതെല്ലാ മായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ : | (എ) 12.5.1992 തീയതിയിലെ ജി.ഒ(പി)65/92/വിജി. നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം 1988 - ലെ അഴിമതി നിരോധന നിയമത്തിൽ പറഞ്ഞിട്ടുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ളവർക്കെതിരെയും അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൻെറ ഭാഗമായി ചെയ്യപ്പെടുന്ന, മറ്റു നിയമങ്ങളിൽ പ്രതിപാദിക്കുന്നതായ കുറ്റങ്ങളും വിജിലൻസ് അന്വേഷണത്തിന് യോഗ്യമാണ്. |
| (ബി) ഇതിൻെറ പരിധിയിൽ വരാത്ത കുറ്റകൃത്യങ്ങളുടെ അന്വേഷണം വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയെ ഏല്പിക്കാറുണ്ടോ; എങ്കിൽ, അതിൻെറ സാഹചര്യം വിശദമാക്കാമോ; | (ബി) വിജിലൻസ് അന്വേഷണത്തിൻെറ പരിധിയിൽപ്പെടാത്ത കുറ്റകൃത്യങ്ങളുടെ അന്വേഷണം വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയെ ഏൽപ്പിക്കാറില്ല. |
| (സി) വിജിലൻസ് കേസുകൾ പിൻവലിക്കാറുണ്ടോ; എങ്കിൽ, അതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; | (സി) വിജിലൻസ് കേസുകൾ പിൻവലിക്കാറുണ്ട്. ഏതെങ്കിലും കേസിലെ പ്രതിയുടെ പേരിലുള്ള കുറ്റം മന:പൂർവ്വമല്ലാത്ത പ്രവൃത്തികളുടെ ഭാഗമാണെന്ന് കേസിൻെറ ചുമതലയുള്ള പ്രോസിക്യൂട്ടർക്ക് ബോദ്ധ്യം വന്നാൽ ആ കേസ് പിൻവലിക്കാൻ കോടതിയുടെ അനുവാദം തേടുകയും കോടതി അനുവദിച്ചു കഴിഞ്ഞാൽ കേസ് പിൻവലിക്കുകയുമാണ് ചെയ്യുന്നത്. |

| | |
|---|---|
| (ഡി) മുൻ സർക്കാരിൻെറ കാലത്ത് വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ, എത്രയെണ്ണമെന്നും, ഓരോന്നും പിൻവലിച്ചതിന്റെ മാനദണ്ഡമെന്തായിരുന്നെന്നും വിശദമാക്കുമോ ? | (ഡി) മുൻ സർക്കാരിൻെറ കാലത്ത് വിജിലൻസ് കേസുകളൊന്നും പിൻവലിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ